**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2867** **18-03-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പ്രമോട്ടർമാരുടെ മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പ്രമോട്ടർമാരുടെ പൊതു മാനദണ്ഡങ്ങൾ സർക്കാർ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പുതുക്കിയ മാനദണ്ഡങ്ങൾ എന്തൊക്കെയെന്നു വിശദമാക്കാമോ; | (എ) | പട്ടികജാതി പ്രൊമോട്ടർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 22/01/2022-ലെ സ.ഉ.(കൈ) നം.06/2022/ പജപവവിവ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) |
| (ബി) | മാനദണ്ഡങ്ങൾ പുതുക്കിയതുമൂലം പത്തിലധികം വർഷങ്ങളായി പ്രമോട്ടർമാരായി ജോലി ചെയ്യുന്ന പട്ടികജാതി വിഭാഗക്കാരുൾപ്പടെയുള്ളവർക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | പട്ടികജാതി പ്രൊമോട്ടർ ഒരു സ്ഥിരം തസ്തികയല്ല. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ - വികസന പദ്ധതികൾ സംബന്ധിച്ച അറിവും അവബോധവും പ്രാദേശിക തലത്തിൽ നൽകി അവയുടെ പ്രയോജനം അർഹരായവരിലേയ്ക്ക് എത്തിക്കുന്നതിനുള്ള ഫീൽഡ്തല പ്രവർത്തനങ്ങൾക്കായി ഒരു വർഷക്കാലയളവിലേക്ക് താൽക്കാലികമായി നിയമിക്കപ്പെടുന്നരാണ് പട്ടികജാതി പ്രൊമോട്ടർമാർ. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കളിൽ സാമൂഹ്യ പ്രതിബദ്ധത രൂപപെടുത്തുന്നതിനായും അവരുടെ യോഗ്യതയ്ക്കനുസരിച്ചുള്ള ജോലികൾ കണ്ടെത്തുന്നതിന് മുന്നോടിയായുള്ള സാമൂഹ്യ സേവന പരിശീലനവുമാണ് പ്രസ്തുത നിയമനം വഴി ഉദ്ദേശിക്കുന്നത്. |
| (സി) | പുതുക്കിയ മാനദണ്ഡപ്രകാരം അപേക്ഷകരുടെ പ്രായപരിധി 18 നും 30 നും ഇടയിൽ നിശ്ചയിച്ചിട്ടുള്ളതിനാൽ നിലവിലെ പ്രൊമോട്ടർമാർ ഭൂരിഭാഗത്തിനും അപേക്ഷ നൽകാൻ കഴിയില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | പട്ടികജാതി പ്രൊമോട്ടർ ഒരു സ്ഥിരം തസ്തികയല്ല. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ - വികസന പദ്ധതികൾ സംബന്ധിച്ച അറിവും അവബോധവും പ്രാദേശിക തലത്തിൽ നൽകി അവയുടെ പ്രയോജനം അർഹരായവരിലേയ്ക്ക് എത്തിക്കുന്നതിനുള്ള ഫീൽഡ്തല പ്രവർത്തനങ്ങൾക്കായി ഒരു വർഷക്കാലയളവിലേക്ക് താൽക്കാലികമായി നിയമിക്കപ്പെടുന്നരാണ് പട്ടികജാതി പ്രൊമോട്ടർമാർ. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കളിൽ സാമൂഹ്യ പ്രതിബദ്ധത രൂപപെടുത്തുന്നതിനായും |

| | | | |
|---|---|---|---|
| | | | അവരുടെ യോഗ്യതയ്ക്കനുസരിച്ചുള്ള ജോലികൾ കണ്ടെത്തുന്നതിന് മുന്നോടിയായുള്ള സാമൂഹ്യ സേവന പരിശീലനവുമാണ് പ്രസ്തുത നിയമനം വഴി ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

<u>സംഗ്രഹം</u>

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പുതിയ പട്ടികജാതി പ്രൊമോട്ടർമാരെ തെരഞ്ഞെടുക്കുന്നതിന് അനുമതി നൽകി കൊണ്ടും തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു

==========================================================================

പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്

സ.ഉ.(കൈ)നം.6/2022/പജപവവിവ. തീയതി. 22/01/2022 തിരുവനന്തപുരം.

==========================================================================

പരാമർശം: 1. 24.12.2014 ലെ സ.ഉ.(കൈ) നം. 99/2014/പജപവവിവ

2. ബഹു പട്ടികജാതി - പട്ടികവർഗ, പിന്നാക്ക വിഭാഗ വികസനവും ദേവസ്വവും വകുപ്പ്മന്ത്രിയുടെ 20.01.2022 ലെ 441/2021/എൻ/എം(എസ്സി/എസ്ടി,ബിസി&ഡി.ഇ.വി) നമ്പർ കുറിപ്പ്.

## <u>ഉത്തരവ്</u>

പട്ടികജാതി പ്രൊമോട്ടർമാരുടെ നിയമനം സംബന്ധിച്ച പൊതു മാനദണ്ഡങ്ങൾ പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നു . നിലവിലുള്ള പട്ടികജാതി പ്രൊമോട്ടർമാരുടെ ദീർഘിപ്പിച്ചു നൽകിയ കാലാവധി 31.03.2022 ന് അവസാനിക്കുന്ന സാഹചര്യത്തിൽ, പുതിയ പ്രൊമോട്ടർമാരെ നിയമിക്കുന്നതിനും, പട്ടികജാതി പ്രൊമോട്ടർമാരുടെ നിയമനം സംബന്ധിച്ച പൊതു മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിനും സർക്കാർ തീരുമാനിക്കുകയുണ്ടായി. ചുവടെ പറയുന്ന മാനദണ്ഡങ്ങൾ ഉൾപെടുത്തി, എസ് സി പ്രൊമോട്ടർമാരെ തിരഞ്ഞെടുത്ത് ഓണറേറിയം വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് പട്ടികജാതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. നിയമന യോഗ്യതകൾ

i. ഉദ്യോഗാർത്ഥികൾ പട്ടികജാതി വിഭാഗത്തിൽ നിന്നുള്ളവരായിരിക്കണം

ii . കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത പ്ളസ് ടു/ തത്തുല്യ യോഗ്യത

iii. പ്രായ പരിധി 18-30 വയസ്സ് വരെ.

## 2. നിയമന രീതി

i. ഗ്രാമ പഞ്ചായത്ത്/മുൻസിപാലിറ്റി/ കോർപ്പറേഷനുകളിലേക്ക് നിയമിക്കുന്നതിനായി അതാത് തദ്ദേശ സ്ഥാപന പരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നുമാണ് അപേക്ഷ ക്ഷണിക്കേണ്ടത്.

ii. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ യോഗ്യരായ അപേക്ഷകർ ഇല്ലെങ്കിൽ സമീപ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ലിസ്റ്റിൽ ഉൾപ്പെടുന്ന വരെ പ്രൊമോട്ടർമാരായി നിയമിക്കുന്നതിന് പരിഗണിക്കാവുന്നതാണ്.

iii. യോഗ്യരായ പ്രൊമോട്ടർമാരെ തെരഞ്ഞെടുക്കേണ്ടത് ബ്ളോക്ക് /മുൻസിപാലിറ്റി/ കോർപ്പറേഷൻ തലത്തിൽ എഴുത്തുപരീക്ഷ, ജില്ലാ തലത്തിൽ അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം.

iv.എഴുത്തു പരീക്ഷ ബ്ളോക്ക് /മുൻസിപാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസറുടെ ചുമതലയിലും, അഭിമുഖം ജില്ലാ പട്ടികജാതി ഓഫീസർ ചെയർമാനും, വകുപ്പ് നിശ്ചയിച്ച് നൽകുന്ന രണ്ട് വിഷയ വിദഗ്ധർ അംഗങ്ങളുമായുള്ള കമ്മിറ്റിയും നടത്തേണ്ടതാണ്.

v. എഴുത്ത് പരീക്ഷ,അഭിമുഖം എന്നിവയിൽ ലഭിക്കുന്ന മാർക്കുകൾ കൂട്ടി ചേർത്ത ശേഷം ലഭിക്കുന്ന ആകെ മാർക്കിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത്/മുൻസിപാലിറ്റി/ കോർപ്പറേഷൻ തലത്തിൽ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കേണ്ടതാണ്.

## 3. പരിശീലനം

i. തെരഞ്ഞെടുക്കപ്പെടുന്ന പ്രൊമോട്ടർമ്മാർക്ക് അഞ്ചു ദിവസത്തെ നിർബന്ധിത പരിശീലനം (കില /ഐ എം ജി /വകുപ്പുതല പരിശീലനം )നൽകേണ്ടതാണ് .

ii. പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ കാര്യക്ഷമമായും സമയബന്ധിതമായും ഗുണഭോക്താക്കൾക്കിടയിൽ എത്തിക്കുന്നതിനും പട്ടികജാതി വിഭാഗക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ നൽകിവരുന്ന സേവനങ്ങളെ സംബന്ധിച്ച് ഗുണഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനും പ്രൊമോട്ടർമാർക്ക് പരിശീലനം നൽകേണ്ടതാണ്

4. പ്രൊമോട്ടർമാരായി നിയമിക്കപ്പെടുന്നവർക്ക് സ്ഥിര നിയമനത്തിന് അർഹത

ഉണ്ടായിരിക്കുന്നതല്ല

5. മുൻപ് പ്രൊമോട്ടർമാരായി പ്രവർത്തിക്കുകയും അച്ചടക്ക നടപടിയുടെ ഭാഗമായി പിരിച്ച് വിടുകയും ചെയ്യുവരുടെ അപേക്ഷകൾ വീണ്ടും പരിഗണിക്കുന്നതല്ല

6. പരാതിയുടെയോ ജോലിയിൽ വീഴ്ച വരുത്തുന്നതിന്റെയോ ആരോപണത്തിന്റെ അടിസ്ഥാനത്തിൽ പിരിച്ച് വിടുന്നത് സംബന്ധിച്ച് കൈക്കൊള്ളുന്ന തീരുമാനം ഇക്കാര്യത്തിൽ അന്തിമമായിരിക്കും.

7.പ്രൊമോട്ടർമാരുടെ പ്രവർത്തനം സംബന്ധിച്ച് പട്ടികജാതി വികസന ഓഫീസർമാർ മാസത്തിലൊരിക്കലും ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ മൂന്നു മാസത്തിലൊരിക്കലും അവലോകനം നടത്തേണ്ടതും പദ്ധതി നിർവഹണം സംബന്ധിച്ച ആവശ്യമായ നിർദേശം നൽകേണ്ടതുമാണ് . പ്രവർത്തനങ്ങളിൽ വീഴ്ചവരുത്തുന്ന പ്രൊമോട്ടർമാരെ കണ്ടെത്തി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നിർദേശം ജില്ലാ ഓഫീസർമാർ നൽകേണ്ടതാണ് .

**ഇപ്രകാരം പരാമർശം(1) ലെ സർക്കാർ ഉത്തരവ് റദ്ദാക്കി ഉത്തരവാകുന്നു**

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എം ശശിധരൻ

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ)കേരള , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് സെക്ടർ ആഡിറ്റ്)കേരള , തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ